# നൂതന പദ്ധതികൾ – നടത്തറ മാതൃക

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ**
മുളംകുന്നത്തുകാവ്, തൃശ്ശൂർ - 680 581
ഫെബ്രുവരി 2012

| | |
|---|---|
| നൂതന പദ്ധതികൾ :<br>നടത്തറ മാതൃക | Innovative Projects :<br>Nadathara Model |
| ഫെബ്രുവരി 2012 | February 2012 |
| ചീഫ് എഡിറ്റർ :<br>**ഡോ. പി.പി. ബാലൻ**<br>ഡയറക്ടർ, കില | Chief Editor :<br>**Dr. P.P. Balan**<br>Director, KILA |
| എഡിറ്റർ :<br>**ഡോ. ജെ.ബി. രാജൻ**<br>അസിസ്റ്റന്റ് പ്രൊഫസർ, കില | Editor :<br>**Dr. J.B. Rajan**<br>Assistant Professor, KILA |
| അസ്സോസിയേറ്റ് എഡിറ്റർ :<br>**പ്രദീപ് പി.എൻ.**<br>ട്രെയിനിംഗ് അസോസിയേറ്റ്, കില | Associate Editor :<br>**Pradeep. P.N.**<br>Training Associate, KILA |
| തയ്യാറാക്കിയവർ :<br>**അമൽ ജി. വള്ളിക്കാപ്പിൽ &**<br>**ശരണ്യ. എ. പി.**<br>ഇന്റേൺസ് ഗാന്ധിഗ്രാം<br>റൂറൽ യൂണിവേഴ്സിറ്റി,<br>ഗാന്ധിഗ്രാം, ഡിണ്ടിഗൽ, തമിഴ്നാട് | Prepared by :<br>**Miss. Amal G. Vallikkappil &**<br>**Saranya A.P.**<br>Interns from Gandhigram<br>Rural University,<br>Gandhigram, Dindigal, Tamil Nadu |
| സഹായം :<br>**ശ്രീമതി സജിത ബാബുരാജ്**<br>പ്രസിഡന്റ്, നടത്തറ ഗ്രാമപഞ്ചായത്ത്<br>**ശ്രീ ടി. എം. രാജീവ്**<br>വൈസ്പ്രസിഡന്റ്,<br>നടത്തറ ഗ്രാമപഞ്ചായത്ത് | Support<br>**Mrs. Sajitha Baburaj**<br>President, Nadathara Grama Panchayat<br>**Mr. T.M. Rajeev**<br>Vice President,<br>Nadathara Grama Panchayat |
| ഡി.ടി.പി. :<br>**സുലോചന. സി.കെ.** | D.T.P.<br>**Sulochana. C.K.** |
| പ്രസാധനം : | Published by : |
| കില<br>തൃശൂർ | KILA<br>Thrissur |
| അച്ചടി<br>കോ-ഓപ്പറേറ്റീവ് പ്രസ്സ്,<br>മുളങ്കുന്നത്തുകാവ്, 2200391 | Printed at :<br>Co-operative Press,<br>Mulamkunnathukavu, 2200391 |


## ആമുഖം


അധികാരവികേന്ദ്രീകരണത്തിന്റെ അന്തസത്ത ഉൾക്കൊണ്ട് നൂതന സംരംഭങ്ങൾക്ക് തുടക്കം കുറിച്ച നിരവധി പഞ്ചായത്തുകൾ കേരളത്തിലുണ്ട്. ഇവ മറ്റു പഞ്ചായത്തുകൾക്ക് അനുകരണീയമാണ്. നൂതന പദ്ധതികൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും മറ്റു പഞ്ചായത്തുകൾക്ക് പരിചയപ്പെടുത്തുകയും എന്ന ലക്ഷ്യത്തോടു കൂടി കില പഠന പരമ്പര സംഘടിപ്പിക്കുന്നു. പഠന പരമ്പരയിലെ പങ്കാളികൾക്ക് വഴികാട്ടുന്ന ചില മാതൃകകൾ അവതരിപ്പിക്കുകയാണ് വികസനമുന്നേറ്റത്തിൽ നടത്തറ പഞ്ചായത്ത് എന്ന ഈ ലഘുപുസ്തകത്തിന്റെ ഉദ്ദേശ്യം.

സമാന പദ്ധതികൾ സ്വയം ഏറ്റെടുത്ത് നടപ്പാക്കാൻ താല്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ജനോപകാരപ്രദമായ വികസനം സ്വപ്നം കാണുന്ന ജനപ്രതിനിധികൾക്കും പ്രതിബദ്ധതയുള്ള ഉദ്യോഗസ്ഥർക്കും ഈ കൈപ്പുസ്തകം പ്രയോജനകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

നൂതനമായ വികസന പദ്ധതിയിലൂടെ പ്രാദേശിക വികസനത്തിൽ അനുകരണീയമായ മാതൃക സൃഷ്ടിക്കുകയും അതിന്റെ പരിണാമപ്രക്രിയ ഈ രൂപത്തിൽ രേഖപ്പെടുത്തുന്നതിന് ശുഷ്കാന്തിയോടെ നേതൃത്വം നൽകുകയും ചെയ്ത തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സാരഥികളോടുള്ള നന്ദിയും കടപ്പാടും ഇവിടെ രേഖപ്പെടുത്തുന്നു. പഠന പരമ്പരയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന കിലയിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. ജെ.ബി. രാജൻ, ട്രെയ്നിംഗ് അസോസിയേറ്റ് ശ്രീ പ്രദീപ് പി.എൻ. ഡോക്യുമെന്റേഷൻ നിർവ്വഹിച്ച മിസ്സ്. അമൽ ജി. വള്ളിക്കാപ്പിൽ, മിസ്സ്. ശരണ്യ (ഇന്റേൺസ് - ഗാന്ധിഗ്രാം റൂറൽ യൂണിവേഴ്സിറ്റി, ഗാന്ധിഗ്രാം, ഡിണ്ടിഗൽ, തമിഴ്നാട്) എന്നിവരേയും ഈ അവസരത്തിൽ അനുമോദിക്കുന്നു.

**ഡോ. പി.പി. ബാലൻ,**

ഡയറക്ടർ






# ഉള്ളടക്കം


രൂപരേഖ 7

ഒറ്റനോട്ടത്തിൽ 8

മാതൃകാ പദ്ധതികൾ

1. സംയോജിത സംഘകൃഷി 9
2. സമഗ്ര അജഗ്രാമം പദ്ധതി 13
3. സുനീതം 15
4. ഹോം മെയ്ഡ് സാനിറ്ററി നാപ്കിൻ നിർമ്മാണ യൂണിറ്റ് 18
5. തോക്കോട്ടുകര ഗ്യാസ് ക്രിമിട്ടോറിയം 22

## രൂപരേഖ

തൃശൂർ നഗരത്തിൽ നിന്നും 15 കി. മീ. അകലെ തെക്ക്-കിഴക്ക് ദിശയിലാണ് നടത്തറ ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. ഒല്ലൂക്കര ബ്ലോക്കിൽ പഞ്ചായത്തിന്റെ വടക്കു-പടിഞ്ഞാറു ഭാഗം തൃശൂർ കോർപ്പറേഷനും കിഴക്കു ഭാഗം പാണഞ്ചേരി ഗ്രാമപഞ്ചായത്തും, തെക്കു-പടിഞ്ഞാറു ഭാഗത്ത് പുത്തൂർ ഗ്രാമപഞ്ചായത്തുമാണ് സ്ഥിതിചെയ്യുന്നത്. പഞ്ചായത്തിന്റെ വിസ്തൃതി 19.30 ചതുരശ്ര കി.മീറ്ററാണ്. ഭൂപ്രകൃതിയനുസരിച്ച് ഇടനാടിൽ ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2.39 ചതുരശ്ര കി.മീറ്ററോളം വനപ്രദേശമാണ്. പഞ്ചായത്തിന്റെ ആകെ ജനസംഖ്യ 27459 ആണ്, 14018 സ്ത്രീകളും 13441 പുരുഷന്മാരും.

മിശ്രിത കൃഷികൾ, കാലിവളർത്തൽ, റബ്ബർ വ്യവസായം, ഇഷ്ടിക നിർമ്മാണം, മൺപാത്ര നിർമ്മാണം, തയ്യൽ, കരിങ്കൽ ക്വാറികളിൽ കൂലിപണി എന്നിവയാണ് ഇവിടത്തെ ജനങ്ങളുടെ പ്രധാന ഉപജീവനമാർഗ്ഗങ്ങൾ. പഞ്ചായത്തിൽ അനേകം കുടുംബശ്രീ സ്വയംതൊഴിൽ സംരംഭങ്ങൾ മികച്ച രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

നഗരത്തിനോട് തൊട്ടടുത്തുകിടക്കുന്നു, എന്നാൽ തികച്ചും ഗ്രാമീണ അന്തരീക്ഷത്തിലുള്ള ഈ ഗ്രാമപഞ്ചായത്തിൽ ആവിഷ്ക്കരിച്ചിട്ടുള്ള ഏതാനും മാതൃകാ പദ്ധതികൾ ഇവിടെ പരിചയപ്പെടുത്തുന്നു.





### നടത്തറ ഗ്രാമപഞ്ചായത്ത് ഒറ്റനോട്ടത്തിൽ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | നടത്തറ |
| ജില്ല | : | തൃശൂർ |
| ബ്ലോക്ക് | : | ഒല്ലൂക്കര |
| വിസ്തീർണ്ണം | : | 19.30 ച.കി.മീ. |
| വാർഡുകളുടെ എണ്ണം | : | 17 |
| ജനസംഖ്യ | : | 27459 |
| പുരുഷന്മാർ | : | 13441 |
| സ്ത്രീകൾ | : | 14018 |
| പട്ടികജാതി | : | 1652 |
| പട്ടികവർഗ്ഗം | : | 172 |
| ജനസാന്ദ്രത | : | 1524 |
| സ്ത്രീ-പുരുഷ അനുപാതം | : | 1056 |
| മൊത്തം സാക്ഷരത | : | 91.08 |
| സാക്ഷരത -പുരുഷന്മാർ | : | 94.28 |
| സാക്ഷരത - സ്ത്രീകൾ | : | 88.09 |
| വീടുകളുടെ എണ്ണം | : | 6215 |
| പട്ടികജാതി | : | 427 |
| പട്ടികവർഗ്ഗം | : | 42 |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | നടത്തറ, കൊഴുക്കുള്ളി, മുളയം |

*അവലംബം : ഗ്രാമപഞ്ചായത്ത് പദ്ധതിരേഖ 2011-12*

# 1 സംയോജിത സംഘകൃഷി

**പദ്ധതിയുടെ പ്രസക്തി**

- കൃഷിസ്ഥലത്തിന്റെ ലഭ്യതക്കുറവും, വിത്ത്, വളം, കീടനാശിനികൾ തുടങ്ങിയവയുടെ അമിതമായ വിലയും കൂലിവർദ്ധനവും കാർഷികരംഗത്തെ പ്രധാന വെല്ലുവിളിയാണ്. ഭക്ഷ്യാവശ്യങ്ങൾക്കായി ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സ്ഥിതിയാണ് ഇന്ന്. ഈ സാഹചര്യത്തിൽ കൃഷിക്ക് കഴിയുന്ന പ്രോത്സാഹനം നൽകി ഗ്രാമപഞ്ചായത്തിൽ അവശേഷിക്കുന്ന കൃഷിസ്ഥലം നിലനിർത്തുക.
- നടത്തറ ഗ്രാമപഞ്ചായത്തിന്റെ വടക്കു-കിഴക്കു ഭാഗം പീച്ചി വനമേഖലയോടു ബന്ധപ്പെട്ടുകിടക്കുന്ന മലയോരപ്രദേശമാണ്. കുടിയേറ്റ കർഷർ ഏറെയുള്ള ഈ പ്രദേശത്ത് സംഘടിതമായ ഇടപെടലുകളോ കൂട്ടായ്മകളോ കാർഷികരംഗത്ത് നിലനിൽക്കുന്നില്ല.
- ഈ പ്രദേശത്തിന്റെ വിഭവശേഷി ഉപയോഗിച്ച് വിവിധ വകുപ്പുകളുടെ സേവനങ്ങളെ സമന്വയിപ്പിച്ച് സംഘകൃഷി പ്രോത്സാഹിപ്പിക്കുകയും അതുവഴി ഭക്ഷ്യസുരക്ഷ ഉറപ്പാക്കുകയും ചെയ്യുക.

**പദ്ധതി പ്രവർത്തനങ്ങൾ**

1. കുടുംബശ്രീ സംഘടനാസംവിധാനവുമായും എസ്.ജി.എസ്.വൈ. പദ്ധതിയുമായും ബന്ധപ്പെടുത്തി സംഘകൃഷിക്കുവേണ്ടി ജെ.എൽ.ജി (ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ്) കൾ രൂപീകരിച്ചു.
2. കാർഷിക സർവ്വകലാശാല/കൃഷിവിജ്ഞാൻ കേന്ദ്ര തുടങ്ങിയ സ്ഥാപനങ്ങളിലെ വിദഗ്ദ്ധരെ പങ്കെടുപ്പിച്ച് ഗ്രൂപ്പുകൾക്കുവേണ്ടി അടിസ്ഥാന അവബോധ പരിശീലനം സംഘടിപ്പിച്ചു.





3. എല്ലാ ഗ്രൂപ്പുകൾക്കുംപഞ്ചാബ് നാഷണൽ ബാങ്കിൽപ്രത്യേകം അക്കൗണ്ട് ആരംഭിച്ചു.
4. ഗ്രൂപ്പുകൾ നടത്തുന്ന കാർഷിക പ്രവർത്തനങ്ങൾക്ക് പ്രത്യേകം പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി. അത് ബാങ്കിലേക്ക് സമർപ്പിച്ച് 4 ശതമാനം പലിശ നിരക്കിൽ വായ്പ ലഭ്യമാക്കി.
5. ഗ്രാമപഞ്ചായത്തിന്റെ പദ്ധതിവിഹിതത്തിൽ ഉൾപ്പെടുത്തിയും, കൃഷിവകുപ്പിന്റെ പ്രത്യേക പദ്ധതി പ്രകാരവും കാർഷിക സർവ്വകലാശാല മുഖേനയും ഗ്രൂപ്പുകൾക്ക് നടീൽ വസ്തുക്കളും, വളം, കീടനാശിനി എന്നിവയും ലഭ്യമാക്കി.
6. ഗ്രാമപഞ്ചായത്ത് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രൂപ്പുകൾക്ക് കൃഷിയിറക്കുന്നതിനുള്ള നിലമൊരുക്കൽ പ്രവർത്തനങ്ങൾ (മൺ പണികൾ) നടത്തി.
7. കുടുംബശ്രീ ജില്ലാ മിഷൻ മുഖേന സംഘങ്ങൾക്കുള്ള ഗ്രാന്റും എസ്.ജി.എസ്.വൈ. പദ്ധതി പ്രകാരം മൂന്ന് ഗ്രൂപ്പുകൾക്ക് സബ്സിഡിയും ലഭ്യമാക്കി.
8. ശൈത്യകാല പച്ചക്കറികളായ കാബേജ്, കോളിഫ്ളവർ മുതലായവയും പാവൽ, പടവലം, വാഴ, ചീര തുടങ്ങിയ വിവിധങ്ങളായ പച്ചക്കറികളും 252 ഏക്കർ സ്ഥലത്ത് കൃഷിചെയ്തു.
9. ഒരു ഗ്രാമത്തിന്റെ കാർഷിക സംസ്കാരത്തിന്റെ ഭാഗമെന്നോണം വിളവെടുപ്പു സമയമായപ്പോൾ വിളവെടുപ്പ് മഹോത്സവം സംഘടിപ്പിച്ചു.
10. ഉല്പന്നങ്ങൾ പ്രാദേശിക വിപണിയിലും തൊട്ടടുത്ത ടൗൺ മാർക്കറ്റിലും വ്യാപകമായി വിറ്റഴിക്കുവാനുള്ള സംവിധാനങ്ങൾ ഒരുക്കി.

**പദ്ധതി കാലയളവ്**

2010-11 സാമ്പത്തിക വർഷം.

**പദ്ധതി അടങ്കൽ**

| | | |
|---|---|---|
| 1. | പഞ്ചായത്ത് പദ്ധതിവിഹിതം | 3,00,000.00 |
| 2. | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 2,25,000.00 |
| 3. | എസ്.ജി.എസ്.വൈ. സബ്സിഡി | 3,75,000.00 |
| 4. | കൃഷി വകുപ്പ് വിഹിതം | 50,000.00 |
| 5. | കുടുംബശ്രീ ഗ്രാന്റ് | 7,41,532.00 |
| 6. | ബാങ്ക് വായ്പ | 44,00,000.00 |
| | **ആകെ** | 60,91,532.00 |

**ഗുണഭോക്താക്കൾ**

- ഗ്രാമപഞ്ചായത്തിലെ 62 ജെ.എൽ.ജി. ഗ്രൂപ്പുകളിൽ ഉൾപ്പെട്ട 300 ഓളം കർഷകർ.
- ഗ്രാമപഞ്ചായത്തിലെ ജനങ്ങൾ.

**നേട്ടങ്ങൾ**

- ❖ ഗ്രാമപഞ്ചായത്തിന്റെ കാർഷികമേഖലയിൽ ഒരു പുത്തൻ ഉണർവ്വ്.
- ❖ ശൈത്യകാല പച്ചക്കറികൾ ഉൾപ്പെടെയുള്ള പുതിയ കാർഷിക വിളകൾ വിജയകരമായി പരീക്ഷിച്ചു.
- ❖ കാർഷികരംഗത്തെ വിദഗ്ദ്ധരുടെ സേവനം ഗ്രാമപഞ്ചായത്തിലെ കർഷകർക്ക് ലഭ്യമാക്കാൻ കഴിഞ്ഞു.
- ❖ ജൈവവളം പ്രയോഗിച്ചതിലൂടെ പരിസ്ഥിതി സംരക്ഷണത്തിന് മുൻതൂക്കം നൽകാൻ കഴിഞ്ഞു.
- ❖ വിവിധ പദ്ധതികളെയും സേവനങ്ങളെയും ഫലപ്രദമായി സംയോജിപ്പിക്കാൻ സാധിച്ചു. (ഗ്രാമപഞ്ചായത്ത്, കൃഷി വകുപ്പ്, കാർഷിക സർവ്വകലാശാല, കൃഷിവിജ്ഞാന കേന്ദ്രം, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ മിഷൻ, എസ്.ജി.എസ്.വൈ., വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ).





- ❖ കർഷകരെ കൃഷിയിലേക്ക് ആകർഷിപ്പിക്കുവാൻ സാധിച്ചു.
- ❖ കൂടുതൽ സ്ത്രീകൾ കൃഷിയിൽ സജീവമായി.
- ❖ ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ തൊഴിൽ ലഭ്യത വർദ്ധിച്ചു.
- ❖ കർഷക തൊഴിലാളിക്ഷാമം പരിഹരിക്കാൻ സാധിച്ചു.

**കോട്ടങ്ങൾ/വെല്ലുവിളികൾ**

- ▪ വനമേഖലയുമായി ബന്ധപ്പെട്ട പ്രദേശമായതിനാൽ ഭൂമിയുടെ കൈവശാവകാശം സംബന്ധിച്ച രേഖകളുടെ ലഭ്യതക്കുറവുമൂലം ചില പ്രദേശത്തെ കൃഷിക്കാർക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതിന് തടസ്സമാകാറുണ്ട്.

## 2 സമഗ്ര അജഗ്രാമം പദ്ധതി
### (സമഗ്ര ആടുവളർത്തൽ പദ്ധതി)

**പദ്ധതിയുടെ പ്രസക്തി**

- ഗ്രാമപഞ്ചായത്തുകൾ ഉല്പാദനമേഖലയിൽ നടത്തുന്ന ഒറ്റത്ത വണ നിക്ഷേപം കൊണ്ട് ഗ്രാമപഞ്ചായത്തിൽ മുൻ പദ്ധതിയായി കൂടുതൽ ഗുണഭോക്താക്കളിലേക്ക് പദ്ധതി എത്തിക്കുന്നു.
- ഗ്രാമപഞ്ചായത്തിന്റെ മൃഗസമ്പത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടാക്കുന്നു.
- ഓരോ കുടുംബത്തിനും സ്ഥിരവരുമാനമാർഗ്ഗം ലഭ്യമാക്കുക.

**പദ്ധതി പ്രവർത്തനങ്ങൾ**

1. 2006-07 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ പദ്ധ തിവിഹിതത്തിൽ നിന്ന് 2 ലക്ഷം രൂപി സി.ഡി.എസ്. ന് റിവോൾവിംഗ് ഫണ്ട് ആയി അനുവദിച്ചു.
2. അയൽകൂട്ടങ്ങൾ മുഖേന തെരഞ്ഞെടുക്കപ്പെട്ട (ആടുവളർത്താൻ താല്പര്യമുള്ള) 100 കുടുംബങ്ങളെ സി.ഡി.എസ്.ൽ പ്രത്യേകം രജിസ്റ്റർ ചെയ്തു.
3. ഓരോ കുടുംബങ്ങൾക്കും 2000 രൂപ വരെ വിലമതിക്കുന്ന 6 മാസം പ്രായമുള്ള ഒരാട്ടിൻകുട്ടിയെ വിതരണം ചെയ്തു. ഒന്നരവർഷ ത്തിനുള്ളിൽ ആറ് മാസം പ്രായമുള്ള ഒരാട്ടിൻകുട്ടിയെ തിരി ച്ചേൽപ്പിക്കണമെന്നും അല്ലാത്തപക്ഷം 2000 രൂപ തിരികെ നൽക ണമെന്നും ഉള്ള ഉടമ്പടിയിൽ 100 കുടുംബങ്ങളും ഒപ്പ് വെച്ചു.
4. ഓരോ കുടുംബവും 300 രൂപ രജിസ്ട്രേഷൻ ഫീസായി സി.ഡി. എസ്.ൽ അടച്ചു.
5. വെറ്ററിനറി ഡോക്ടർ മുഖേന അംഗീകൃത ഫാമുകളിൽ നിന്ന് 100 ആട്ടിൻകുട്ടികളെ കണ്ടെത്തി ഇൻഷുർ ചെയ്ത് പ്രസ്തുത കുടുംബങ്ങൾക്ക് എ.ഡി.എസ്. മുഖേന നൽകി.





6. ഓരോ മാസവും എ.ഡി.എസ്. യോഗത്തിലും സി.ഡി.എസ്. യോഗത്തിലും പദ്ധതിയുടെ കാര്യക്ഷമമായ മോണിറ്ററിംഗ് നടത്തി. പ്രതിരോധ കുത്തിവയ്പ്, ചികിത്സ മുതലായവ വെറ്റ റിനറി ഡിസ്പെൻസറി മുഖേന നടത്തുകയും ചെയ്യുന്നു.
7. ഒന്നരവർഷത്തിനുള്ളിൽ തിരിച്ചു ലഭിക്കുന്ന ആട്ടിൻകുട്ടികളെ തിരഞ്ഞെടുത്ത് മറ്റു 100 കുടുംബങ്ങൾക്ക് നൽകുന്നു.
8. പുതുതായി നൽകുന്ന 100 കുടുംബങ്ങൾക്കും മേൽ പറഞ്ഞ കരാർ ബാധകമായതിനാൽ ഈ പ്രക്രിയ തുടർച്ചയായ 4 വർഷ ക്കാലം അനുസ്യൂതം തുടരുന്നു.
9. പദ്ധതിയുടെ അവസാനം ലഭിക്കുന്ന ആടുകളുടെ തുക സി.ഡി. എസ്.ന്റെ ഓൺ ഫണ്ടിൽ മുതൽകൂട്ടുന്നു.

**പദ്ധതി കാലയളവ്**

4 വർഷം. (2006-07 സാമ്പത്തിക വർഷം മുതൽ)

**പദ്ധതി അടങ്കൽ**

ഒറ്റത്തവണ നിക്ഷേപം 2 ലക്ഷം രൂപ മുഴുവനും പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്ന്.

**ഗുണഭോക്താക്കൾ**

ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ അയൽകൂട്ടത്തിൽ നിന്നും തിര ഞ്ഞെടുക്കപ്പെട്ട 300 കുടുംബങ്ങൾ.

**നേട്ടങ്ങൾ**

- കുറഞ്ഞ മുതൽമുടക്കിൽ ഉല്പാദനമേഖലയിൽ കൂടുതൽ നിക്ഷേപം സാധ്യമാകുന്നു.
- ഗ്രാമപഞ്ചായത്തിന്റെ മൃഗസമ്പത്തിൽ വർദ്ധനവ്.
- 300 കുടുംബങ്ങൾക്ക് സ്ഥിരവരുമാനം ഉറപ്പാക്കി.
- പ്രാദേശിക സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുന്നു.

**കോട്ടങ്ങൾ**

- പെട്ടെന്നുണ്ടാകുന്ന ആടുകളുടെ മരണം/ഇൻഷുറൻസ് തുക ലഭി ക്കാനുള്ള കാലതാമസം പദ്ധതിയുടെ തുടർച്ചയിൽ സാധ്യതക്ക് മങ്ങൽ ഏൽപ്പിക്കുന്നു.

## 3 സുനീതം (കുടുംബശ്രീ ഉല്പന്നങ്ങൾക്ക് വാണിജ്യമുദ്ര)

**പദ്ധതിയുടെ പ്രസക്തി**

- സൂക്ഷ്മസംരംഭങ്ങൾ വഴി പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുക എന്നത് പതിനൊന്നാം പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഒന്നാണ്.
- ഗുണമേന്മയുള്ള കുടുംബശ്രീ ഉല്പന്നങ്ങൾക്ക് സ്വന്തമായി വാണിജ്യമുദ്ര ഇല്ലാത്തതുമൂലം ഉല്പന്നങ്ങൾക്ക് വിപണിയിലെ മറ്റു ഉല്പന്നങ്ങളോട് മത്സരിക്കാനോ വിപണിയെ കാര്യമായി സ്വാധീനിക്കാനോ കഴിയാതിരിക്കുക.
- ഉപഭോഗ സംസ്കാരത്തിന്റെ ഈ കാലഘട്ടത്തിൽ ഉല്പന്നങ്ങൾക്ക് വാണിജ്യമുദ്ര എന്നതുകൊണ്ടുമാത്രം വിപണനം വർദ്ധിക്കുന്നു.
- പുതുതലമുറ സ്വയംതൊഴിൽ സംരഭങ്ങൾ കണ്ടെത്തി വളർത്തുക.

**പദ്ധതി പ്രവർത്തനങ്ങൾ**

1. ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ മേഖലയിലും എസ്.ജി.എസ്.വൈ. പദ്ധതി പ്രകാരവും രൂപീകരിക്കപ്പെട്ട എല്ലാ സൂക്ഷ്മസംരംഭങ്ങളേയും അവയുടെ സ്വഭാവമനുസരിച്ച് പട്ടികപ്പെടുത്തി.
2. ഓരോ വിഭാഗത്തിൽപ്പെട്ട ഉല്പന്നങ്ങൾക്കും അവയുടെ സ്വഭാവമനുസരിച്ച് വേണ്ട ഗുണനിലവാര സർട്ടിഫിക്കറ്റുകൾ ഏതൊക്കെയെന്ന് തിട്ടപ്പെടുത്തുക (ഉദാ: അഗ്മാർക്ക്, എഫ്.പി.ഒ., ഐ.എസ്.ഒ. മുതലായവ).
3. പതിനൊന്നാം പദ്ധതിക്കാലത്ത് ഗ്രാമപഞ്ചായത്തിൽ 28 ലക്ഷം രൂപ ചെലവിൽ പണികഴിപ്പിച്ച കുടുംബശ്രീ വനിതാ കൈത്തൊഴിൽ വിപണന കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക.





4. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലകളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ഈ കേന്ദ്രത്തിലെത്തിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.
5. നിലവിലുള്ള സംരംഭങ്ങൾക്കുപുറമെ നൂതന ആശയങ്ങളോടു കൂടി പുത്തൻ സംരംഭങ്ങൾ ആരംഭിക്കുക.
6. എല്ലാ ഉല്പന്നങ്ങൾക്കും സുനീതം എന്ന ബ്രാന്റ് നെയിം ലഭിക്കുന്നതിനുള്ള രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുക.
7. ആകർഷകമായ പാക്കിംങ്ങിനും ലേബലിംങ്ങിനും ആധുനിക യന്ത്രസാമഗ്രികൾ ഏർപ്പെടുത്തുക.
8. സുനീതം എന്ന ബ്രാന്റ് നെയിമിൽ ഒരു ഗ്രാമപഞ്ചായത്തിലെ എല്ലാ ഉല്പന്നങ്ങളും വിപണിയിൽ എത്തിക്കുക.

**പദ്ധതി കാലയളവ്**

ഒരു വർഷം (2011-12 സാമ്പത്തിക വർഷം)

**പദ്ധതി അടങ്കൽ**

ആകെ 12 ലക്ഷം രൂപ. 10 ലക്ഷം രൂപ ജില്ലാ പഞ്ചായത്ത് വികസന ഫണ്ടിൽ നിന്നും 2 ലക്ഷം രൂപ ഗ്രാമപഞ്ചായത്ത് വികസന ഫണ്ടിൽ നിന്നും.

**ഗുണഭോക്താക്കൾ**

ഗ്രാമപഞ്ചായത്തിലെ മുഴുവൻ കുടുംബശ്രീ, എസ്.ജി.എസ്.വൈ. - സൂക്ഷ്മസംരംഭകർ

**നേട്ടങ്ങൾ**

- വാണിജ്യമുദ്രയുടെ (ബ്രാന്റ് നെയിമിന്റെ) പിൻബലത്തിൽ ഗുണനിലവാര സർട്ടിഫിക്കറ്റിന്റെ അംഗീകാരത്തോടെ ഒരു ഗ്രാമപഞ്ചായത്തിലെ മുഴുവൻ കുടുംബശ്രീ/എസ്.ജി.എസ്.വൈ. ഉല്പന്നങ്ങളും വിപണിയിൽ സ്ഥാനം പിടിക്കുന്നു.

- ഒരു ഗ്രാമപഞ്ചായത്തിൽ നിന്നുള്ള കുടുംബശ്രീ ഉല്പന്നങ്ങൾ ആഗോള കുത്തക ഉല്പന്നങ്ങളോട് വിപണിയിൽ മത്സരിക്കുന്നു.
- കൂടുതൽ സ്ത്രീകൾക്ക് സ്വയംതൊഴിൽ മുഖേന സ്ഥിരവരുമാനം.
- പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാകുന്നു.
- ഗ്രൂപ്പ് അംഗങ്ങൾക്ക് വരുമാനം വർദ്ധിക്കുന്നു.
- കൂടുതൽ സംരംഭങ്ങൾ ആരംഭിക്കാൻ പ്രേരണയുണ്ടാകുന്നു.





## 4 സാനിറ്ററി നാപ്കിൻ നിർമ്മാണ യൂണിറ്റ്

**പദ്ധതിയുടെ പ്രസക്തി**

- ആവശ്യക്കാർ ഏറെയുണ്ടെങ്കിലും കേരളത്തിൽ സാനിറ്ററി നാപ്കിൻ നിർമ്മാണ രംഗത്ത് ഗ്രാമപഞ്ചായത്ത് തലത്തിലോ, കുടുംബശ്രീ തലത്തിലോ ഒരു സൂക്ഷ്മസംരംഭം എന്ന രീതിയിൽ ആരംഭിച്ചിട്ടില്ല.
- പരമ്പരാഗതമായ രീതിയിൽ നിന്നും ഗ്രാമീണ സ്ത്രീകൾ കൂടുതലായി പുതിയ തരം സാനിറ്ററി നാപ്കിനുകൾ ഉപയോഗിക്കുന്നു.
- കുടുംബശ്രീ സംഘടനാ സംവിധാനത്തിലൂടെ സ്ത്രീകൾക്കാവശ്യമായ പ്രസ്തുത ഉല്പന്നത്തിന്റെ വിപണന സാധ്യത.

**പദ്ധതിയുടെ പ്രവർത്തനം**

1. പദ്ധതി നടപ്പാക്കാൻ താല്പര്യമുള്ള കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ നിന്നും അപേക്ഷ സ്വീകരിച്ചു.
2. അപേക്ഷകരെ കൂടിക്കാഴ്ച നടത്തി രണ്ട് ആക്ടിവിറ്റി ഗ്രൂപ്പുകളെ പഞ്ചായത്ത് ഭരണസമിതി മുഖേന തെരഞ്ഞെടുത്തു (ഒരു ഗ്രൂപ്പിൽ 5 പേർ).
3. പദ്ധതി നടത്തിപ്പിനായി ഗുണഭോക്താക്കൾക്ക് പരിശീലനം നൽകുന്നതിനും യൂണിറ്റ് ആരംഭിക്കുന്നതിനും വേണ്ടി നിർമ്മൽ ഗ്രാം പുരസ്കാർ ഫണ്ട് ഉപയോഗിച്ച് പ്രോജക്ട് തയ്യാറാക്കി.
4. തമിഴ്നാട്ടിൽ വളരെ പ്രചാരത്തിലുള്ള ഈ പദ്ധതിയിൽ പരിശീലനം നൽകുന്നതിനായി അവിടെനിന്നുതന്നെ പരിശീലകരെ കണ്ടെത്തി. ഗുണഭോക്താക്കൾക്ക് 10 ദിവസത്തെ പരിശീലനം നൽകി.
5. ബാങ്ക് വായ്പയും സബ്സിഡി തുകയും യൂണിറ്റിന് നൽകി.
6. അവശ്യം വേണ്ട യന്ത്രസാമഗ്രികളും അസംസ്കൃത വസ്തുക്കളും മഹാരാഷ്ട്രയിൽ നിന്നും ലഭ്യമാക്കി യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു.

**പദ്ധതിയുടെ കാലയളവ്**

ഒരു വർഷം (2010-11 സാമ്പത്തിക വർഷം)

**പദ്ധതി അടങ്കൽ**

ആകെ 2,75,000 രൂപ. 1 ലക്ഷം രൂപ സബ്സിഡിയായി നിർമ്മൽ ഗ്രാം പുരസ്കാർ ഫണ്ടിൽ നിന്നും, 1,25,000 രൂപ ബാങ്ക് വായ്പ 50,000 രൂപ പരിശീലനത്തിനായി നിർമ്മൽ ഫണ്ടിൽ നിന്നും.

**ഗുണഭോക്താക്കൾ**

- ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ സംവിധാനത്തിൽ ഉൾപ്പെട്ട വനിതകൾ
- സമീപപ്രദേശങ്ങളിലെ സ്കൂളുകൾ, ഹോസ്റ്റലുകൾ, ആശുപത്രികൾ എന്നിവടങ്ങളിലെ സ്ത്രീകൾ

**നേട്ടങ്ങൾ**

❖ ഗ്രാമപഞ്ചായത്തിൽ നൂതന ആശയത്തോടുകൂടിയ ഒരു തൊഴിൽ സംരംഭം ആരംഭിച്ചതുവഴി അതിലെ അംഗങ്ങൾക്ക് വരുമാനം ആർജ്ജിക്കാൻ കാരണമായി.

❖ പ്രകൃതിസൗഹൃദ ഉല്പന്നങ്ങളായതുകൊണ്ടുതന്നെ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നില്ല.

❖ സ്ത്രീകൾക്ക് ആവശ്യമായ ഉല്പന്നങ്ങൾ സ്ത്രീകൾതന്നെ ഉല്പാദിപ്പിച്ച് വിപണനം നടത്തുന്നതിനാൽ വിപണനം വളരെ എളുപ്പമാകുന്നു.

❖ ഒരു വനിതാ ഘടക പദ്ധതി എന്ന നിലയിൽ പൂർണ്ണമായും വനിതകൾക്കു മാത്രം ഗുണം ചെയ്യുന്നു എന്നതിനാൽ ഗ്രാമപഞ്ചായത്തുകൾക്ക് ഒരു നവീന മാതൃകയാണ്.

❖ ഉല്പാദന പ്രക്രിയ വളരെ ലളിതവും സാങ്കേതിക പ്രശ്നങ്ങൾ ഇല്ലാത്തതുമാണ്.

❖ സ്ത്രീകൾക്കും പെൺകുട്ടികൾക്കും ആവശ്യമായ നാപ്കിന്റെ ലഭ്യത സുഗമമാക്കിയതുവഴി





**കോട്ടങ്ങൾ**

- വൻകിട കുത്തക കമ്പനികളുടെ വിപണിയോട് കിടപിടിക്കാനുള്ള ബുദ്ധിമുട്ട്.
- യൂണിറ്റ് അംഗങ്ങൾക്ക് മാർക്കറ്റിംഗിലുള്ള പരിചയക്കുറവ്.
- വിപണനത്തിന് ആവശ്യമായ രീതിയിൽ ടിൻ നമ്പർ, സെയിൽസ് ടാക്സ് രജിസ്ട്രേഷൻ തുടങ്ങിയവ ലഭ്യമാക്കിയിട്ടില്ല.

**വരവ്-ചെലവ് വിശകലനം**

- അഞ്ച് അംഗങ്ങൾ ചേർന്ന് (ഒരു ഗ്രൂപ്പ്) പ്രതിമാസം 1400 പാക്കറ്റ് ഉണ്ടാക്കുന്നു.
- പ്രതിമാസ വരവ്:

| ഇനം | നിരക്ക് (രൂപ) | പാക്കറ്റ് (എണ്ണം) | തുക (രൂപ) |
|---|---|---|---|
| ഓർഡിനറി പാഡ് | 20.00 | 500.00 | 10,000.00 |
| വിങ്ങ്സ് ടൈപ്പ് | 22.00 | 500.00 | 11,000.00 |
| മെറ്റേർണിറ്റി നാപ്കിൻ | 55.00 | 400.00 | 22,000.00 |
| **ആകെ** | | | **43,000.00** |
| **വാർഷിക വിറ്റുവരവ് : 43,000.00 x 12 = 5,16,000.00** | | | |

**വാർഷിക ചെലവ് :**

| ഇനം | തുക (രൂപ) |
|---|---|
| അസംസ്കൃത വസ്തുക്കൾ | 3,52,800.00 |
| വേതനം | 1,05,000.00 |
| വൈദ്യുതി | 2,400.00 |
| വാടക | 3,600.00 |
| ഗതാഗത ചെലവുകൾ | 6,000.00 |
| ഫോൺ | 2,400.00 |
| **ആകെ** | **4,72,200.00** |

| | |
|---|---|
| പ്രതീക്ഷിത മൊത്തം ലാഭം | 44,400.00 |
| വായ്പ തിരിച്ചടവ്<br>[9,000.00 (മുതൽ) + 4,500 (പലിശ)] | 13,500.00 |
| തേയ്മാന ചിലവ് | 6,500.00 |
| പ്രതീക്ഷിത അറ്റാദായം<br>[44,400.00 (13,500.00 + 6,500.00) = 24,400.00] | 24,400.00 |

**നിർമ്മാണ രീതി**

7'' x 3'' വിസ്തീർണ്ണത്തിൽ ബേസ് ലേയറായി എച്ച്.എം. ഷീറ്റ് (High Melting Sheet) വെക്കുക. അതിനുമുകളിലായി - ഗ്രാം വുഡ് പൾപ്പ്, ജെൽ പൗഡർ ചേർത്ത് ഗ്രൈൻഡറിൽ മിക്സ് ചെയ്ത് ഒരു ബെഡ് ആയി വെക്കുക. ഒരു കോട്ടൺ ലെയർ അതിനുമുകളിൽ വച്ച്, ഏറ്റവും മുകളിലായി നോൺ വോവൻ ഫാബറിക് വെക്കുക. ഈ ബെഡ് ഒരു മോൾഡ് സെറ്റിൽ വച്ച് നന്നായി പ്രസ്സ് ചെയ്യുക. അതിനുശേഷം മുകളിലായി നോൺ വോവൻ ക്ലോത്ത് വച്ച്, അയേൺ ബോക്സ് ഉപയോഗിച്ച് നന്നായി പ്രസ്സ് ചെയ്യുക. തുടർന്ന് ഒരു ഹോട്ട് എയർ ഓവൻ ഉപയോഗിച്ച് പാഡ് അണുവിമുക്തമാക്കി പാക്കിംഗ് നടത്താം.





## 5 തെക്കോട്ടുകര ശ്മശാനം (ഗ്യാസ് ഉപയോഗിച്ച്)

**പദ്ധതിയുടെ പ്രസക്തി**

- ഭൂപ്രദേശത്തിന് ആനുപാതികമല്ലാത്ത ജനസംഖ്യയും പൊതുശ്മശാനങ്ങളുടെ ദൗർലഭ്യതയും ശവസംസ്കാരത്തിന് ബുദ്ധിമുട്ടുണ്ടാകുന്നു.
- മറ്റിടങ്ങളിലുള്ള പൊതു ശ്മശാനങ്ങളെയാണ് ശവസംസ്കാരത്തിനായി പൊതുജനങ്ങൾ ആശ്രയിച്ചുവരുന്നത് (ഉദാ: പാമ്പാടി ഐവർ മഠം, തിരുവില്വാമല). എന്നാൽ ഇത്തരം പ്രദേശങ്ങളിൽ തൽസ്ഥലവാസികൾക്കായി പരിമിതപ്പെടുത്തുന്നു.
- ശ്മശാനങ്ങൾ നിർമ്മിക്കലും പരിപാലിക്കലും ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ ഉൾപ്പെടുന്ന വിഷയവുമാണ്.

**പദ്ധതി പ്രവർത്തനം**

1. ഗ്രാമപഞ്ചായത്തിൽ ഒരു പൊതു ശ്മശാനം എന്ന ആശയവുമായി 2006-07 സാമ്പത്തിക വർഷം ഒരു പ്രോജക്ട് ആവിഷ്ക്കരിച്ചു. അതിൻപ്രകാരം തോക്കോട്ടുക്കര ക്രിമിറ്റോറിയം കൊഴുക്കുള്ളിയിൽ 62 സെന്റിൽ നിർമ്മിച്ചു.
2. തുടർന്നുള്ള വർഷങ്ങളിൽ ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ സാങ്കേതിക സഹായത്തോടെ പദ്ധതിയെ ഒരു ഗ്യാസ് ക്രിമിട്ടറിമായി ആധുനികവൽക്കരിച്ചു.
3. പദ്ധതിക്കാവശ്യമായ ഡിസൈൻ ഉൾപ്പെടെ സാങ്കേതിക സഹായം നൽകിയത് ഇന്ത്യൻ ഓയിൽ കോർപ്പറേഷനാണ്. ശ്മശാനത്തിന്റെ നിർമ്മാണ ചുമതല കോൺട്രാക്ടിംഗ് കമ്പനിയായ രാജ് ഏജൻസിയാണ് നിർവ്വഹിച്ചത്. പ്രോജക്ട് നടത്തിപ്പ് പൂർണ്ണമായുംപഞ്ചായത്തിലധിഷ്ഠിതമായിരുന്നു.

4. ശവസംസ്കാരത്തിനായി ഓരോ ഗുണഭോക്താവിൽ നിന്നും 2000 രൂപ ഈടാക്കുന്നു. പട്ടികജാതി വിഭാഗക്കാർക്ക് 50 ശതമാനം ഇളവു നൽകുന്നുണ്ട്.
5. ഒരു ബഹുവർഷ പ്രോജക്ട് എന്ന നിലയിൽ 2006-07 ൽ ആരംഭിച്ച ഈ പദ്ധതി പല ഘട്ടങ്ങളായാണ് പൂർത്തീകരിച്ചത്.

**പദ്ധതി അടങ്കൽ**

പദ്ധതി അടങ്കൽ 28 ലക്ഷം രൂപ. 22 ലക്ഷം രൂപ ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ടും, 6 ലക്ഷം രൂപ പഞ്ചായത്തിന്റെ തനതു ഫണ്ടും. ബഹുവർഷ പ്രോജക്ട് ആയതിനാൽ 5 വർഷമായിട്ടാണ് അടങ്കൽ തുക വകയിരുത്തിയത്.

**ഗുണഭോക്താക്കൾ**

- ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ജനങ്ങൾ
- പഞ്ചായത്തിന്റെ സമീപപ്രദേശങ്ങളിൽ ശവസംസ്കാരത്തിന് വേണ്ടത്ര സൗകര്യമില്ലാത്തവർ

**പദ്ധതിയുടെ കാലയളവ്**

2006-07 ൽ തുടങ്ങിയ പദ്ധതി 2010-11 ൽ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. തുടർന്നുള്ള ട്രയൽ റണ്ണിൽ ഒരു സാങ്കേതിക തകരാറ് ശ്രദ്ധയിൽപ്പെട്ടു (വാൽവിൽ നിന്നുമുള്ള വാതകചോർച്ച). അത് പരിഹരിക്കുന്നതിനായി വിദഗ്ദ്ധർ നടപടികൾ എടുക്കുകയും ചെയ്തുവരുന്നു.

**നേട്ടങ്ങൾ**

- ❖ ഗ്രാമപഞ്ചായത്തിലെ ജനസംഖ്യയിൽ 50 ശതമാനത്തോളം കുടുംബങ്ങൾ 10 സെന്റിൽ താഴെ ഭൂമിയുള്ളവരാണ്. ഇത്തരം കുടുംബങ്ങൾക്ക് ഈ പൊതുശ്മശാനം ഏറെ പ്രയോജനപ്പെടും.
- ❖ കേരളത്തിൽ ആദ്യമായി പൂർണ്ണമായും ഓട്ടോമറ്റിക് രീതിയിൽ പ്രവർത്തിക്കുന്ന ഗ്യാസ് ക്രെമിട്ടോറിയം അവതരിപ്പിച്ച ഗ്രാമപഞ്ചായത്ത്.





- ❖ മറ്റു പഞ്ചായത്തുകൾക്കും അനുകരണീയമായ മാതൃക.

**കോട്ടങ്ങൾ/വെല്ലുവിളികൾ**

- ഗുണഭോക്താക്കളുടെ പ്രാദേശിക അതിർത്തി നിജപ്പെടുത്തിയിട്ടില്ല.
- കേരളത്തിൽ സ്ഥലത്തിന്റെ വില വർദ്ധനവും സ്ഥലദൗർലഭ്യതയും ശ്മശാന പരിസരത്തെ ജനവാസയോഗ്യമാക്കിയേക്കാം.

**സാങ്കേതികവിദ്യ**

ഗ്യാസ് റൂമിൽ നിന്നും എൽ.പി.ജി. (ലിക്വിഡ് പെട്രോളിയം ഗ്യാസ്) ബർണറിൽ എത്തുന്നു. ബർണറിലുള്ള ഓട്ടോമറ്റിക് ഇഗ്നിഷൻ സംവിധാനം പ്രവർത്തിക്കുന്നതോടെ എൽ.പി.ജി. കത്തി ബർണറിലുള്ള ബ്ലോവർ പ്രവർത്തിച്ച് മൃതദേഹം വെക്കുന്ന ചേംബറിൽ ഫയർ ചെയ്യുന്നു. ഇത്തരത്തിൽ ഫയർ ചെയ്യുന്നതിലൂടെ മൃതദേഹം കത്തിക്കുന്ന ചേമ്പർ 1200ºC വരെ ചൂടുവരുത്തുവാൻ സാധിക്കുന്നു. ചേമ്പറിന്റെ ചൂട് 800ºC എത്തുന്നതോടെ മൃതശരീരം 40 മിനിറ്റിനുള്ളിൽ കത്തിതീരുന്നു. ഇത്തരത്തിൽ കത്തുന്ന മൃതദേഹത്തിൽ നിന്നുള്ള ചാരം പുകയടക്കമുള്ള മറ്റു വാതകങ്ങൾ എന്നിവ ബ്ലോവറിന്റെ സഹായത്തോടെ പ്ലാന്റിന്റെ ഭാഗമായി പ്രവർത്തിക്കുന്ന വെസൽസിൽ നിക്ഷേപിക്കുന്നു. മൃതദേഹത്തിന്റെ ചാരം ഈ വെസൽസിൽ നിന്നും സംഭരിച്ച് പുറത്തെടുക്കാൻ കഴിയും. ഏകദേശം 800ºC ൽ കൂടുതൽ ചൂടുള്ള വായു നിലനിൽക്കുന്ന വെസൽസിനുള്ളിലൂടെ അന്തരീക്ഷവായു മറ്റൊരു ബ്ലോവൽ വഴി ചേമ്പറിൽ ആവശ്യമായവിധത്തിൽ എത്തിക്കുന്നതിലൂടെ ഊർജ്ജസംരക്ഷണത്തിനും സാധിക്കുന്നു. ചേമ്പറിൽ നിന്നും വരുന്ന ചാരം ഒഴികെയുള്ള വായു രണ്ടാമത്തെ വെസൽസിലുള്ള ജലത്തിലൂടെ കടത്തിവിടുകയും ശവശരീരം കത്തുമ്പോൾ ഉള്ള മറ്റ് വാതകങ്ങൾ വെള്ളത്തിൽ ലയിപ്പിക്കുന്നതിന് സാധിക്കുന്നു. ഇതിനുശേഷം പുകയടക്കമുള്ള വായു മൂന്നാമത്തെ വെസൽസിൽ എത്തുകയും ഈ വെസൽസിൽ വിവിധ തട്ടുകളായി നിറച്ചിട്ടുള്ള ആക്ടിവേറ്റഡ് കാർബർ, സിലിക്കേറ്റ് എന്നിവ വഴി പുകയെ ഒഴിവാക്കി കാർബൺഡയോക്സൈഡ്, വേപ്പർ എന്നിവ മാത്രമുള്ള വായുവിനെ 30 അടി ഉയരമുള്ള ചിമ്മിനി വഴി പുറത്തേക്ക് തള്ളുന്നു.

Nadathara Gramapanchayat
















കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
മുളങ്കുന്നത്തുകാവ്, തൃശൂർ 680 581
ഫോൺ : 04872201768, 2200244 (ഓഫീസ്)
04872201312 (ഡയറക്ടർ)
04872201062 (ഫാക്സ്)
ഇ–മെയിൽ : kilaonline.org




# നൂതന പദ്ധതികൾ : നടത്തറ മാതൃക

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
മുളങ്കുന്നത്തുകാവ്, തൃശൂർ 680 581